ബഹു. ടി. കെ. നാരായണപിള്ള : അറിയാം.

ശ്രീ. പി. കെ. ഡീവർ : മേലാലെങ്കിലും ഈ മാതിരിയുള്ള അക്രമങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടനടപടികൾ ഗവണ്മെൻറ നടത്തുമോ?

ബഹു. ശ്രീ. ടി. കെ: നാരായണപിള്ള : തീർച്ചയായും നടത്തും. ഇങ്ങനെ പ്രവേശിച്ചിട്ടുള്ളവരെത്തന്നെ ഇറക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയാണു".

NERIAMANGALAM LABOUR COLONY

*2407. [30] **Sri. N. P. Verghese:** Will the Hon'ble Minister for Forests be pleased to state :

(*a*) whether he is in receipt of a representation from the landless squatters at Neriamangalam to allot them 50 cents of adjoining forest land for house site;

(*b*) are Government aware that more than 150 families are squatting on one acre of revenue poramboke in the vicinity of forests and in imminent danger of trees falling over their mud huts ;

(*c*) are Government aware that the Hon'ble Chief Minister inspected the site in 1124 Dhanu, and promised to give them house sites;

(*d*) are Government aware that the working President of the Congress also inspected the spot and recommended to Government that house sites should be provided for them from the reserve forest adjoining the Neriamangalam town;

(*e*) are Government aware that these applicants are all labourers without any land or any means of livelihood; and

(*f*) will Government be pleased to provide this labour colony with house sites of 50 cents each from the forest area immediately?

The Hon'ble Sri. T. K. Narayana Pillai :

(*a*) Government have received a representation.

(*b*) Government are aware that there are many such families.

(*c*) The Chief Minister went to the place and he said that their claims will be sympathetically considered.

(*d*) Government are not aware.

(*e*) That is the information supplied to Government.

(*f*) Government will call for the necessary reports and act on the recommendation of the various reports.

NERIAMANGALAM DISPENSARY

2408 [31] Sri. N. P. Verghese : Will the Hon'ble Minister for Health be pleased to state.—

(*a*) whether Government have sanctioned a Dispensary at Neriamangalam and provided the necessary funds in the Budget;

(*b*) are Government aware that Neriamangalam is a Malaria infested area and that the Hindu Colony and the Laboar Colony there have no means of medical aid;

(*c*) are Government aware that the people who have colonised at Neriamangalam are labourers and that they have no means to construct a Dispensary buiiding or go for paid medical aid;

(*d*) what is the delay for the construction of the buildings;

(*c*) has the estimate been prepared; and

(*f*) if so, why were not tenders invited and steps for construction taken?

ബഹു. ശ്രീ. എ. ജെ. ജാൺ : (എ) നേര്യമംഗലത്തു ഒരു ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടു". അതിനുള്ള തുക ബഡ്ജറ്റിൽ ചേർത്തിട്ടില്ല.

(സി) നേര്യമംഗലം മലേറിയ ബാധിച്ചിട്ടുള്ള സ്ഥലമാണെന്നു ഗവണ്മേണ്ടിനു" അറിയാം.

(സി) അവിടെ താമസിക്കുന്ന ആളുകൾ മുഴുവനും തൊഴിലാളികളാണെന്നുള്ള വിവരം ഗവണ്മെണ്ടിനറിവില്ല.

(ഡി) സ്ഥലം ക്ലിപ്തപ്പെടുത്തായതു കൊണ്ടാണു" കെട്ടിടം പണി ആരംഭിക്കാത്തതു".

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏസ്റ്റിമേറ്റ് തയ്യാറാക്കിയില്ല.

(എഫ്) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ് : സ്ഥലം ക്ലിപ്പപ്പെടുത്തുന്നതിനു് ഇത്രവളരെ താമസമെന്താണെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : സ്ഥലം ക്ലിപ്പപ്പെടുത്താൻ ചീഫ് ഇൻഞ്ചിനീയർക്കും പബ്ലിക്ക് ഹെൽത്ത് ഡയറക്ടർക്കും ഗവണ്മെണ്ടിൽനിന്നും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. പി. വർഗ്ഗീസ് : കഴിയുന്നിടത്തോളം വേഗം അതു നടപ്പിൽ വരുത്തുവാൻ ശ്രമിക്കുമോ?

ബഹു. ശ്രീ. എ. ജെ. ജോൺ: ശ്രമിക്കാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : അവിടെ നിന്നും ഏറ്റവും അടുത്ത ആശുപത്രിയിലേക്കു് എത്രദൂരമുണ്ടെന്നു പറയാമോ?

ബഹു. ശ്രീ. എ. ജെ. ജോൺ : അതിപ്പോൾ പറയാൻ യിവുത്തിയില്ല.

TOTTENHAM SYSTEM

***2409.** [32] **Sri. N. P. Verghese:** Will the Hon'ble Chief Minister be pleased to state:

(*a*) whether Government have adopted the Tottenham system to be followed in the Secretariat; and

(*b*) are Government aware that under the present system it is laborious and troublesome to find out a file, and it takes months for final orders on a petition presented to Government?

The Hon'ble Sri. T. K. Narayana Pillai:

(*a*) Yes.

(*b*) No.

ഭവനനിർമ്മാണ പദ്ധതി

*ചോ ദ്യ ം (നം. നം) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫുഡ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

(എ) ഭവനനിർമ്മാണ പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള പ്രദേശങ്ങൾ ഏതെടിസ്ഥാനത്തിലാണു് തിരഞ്ഞെടുക്കുന്നതു?

(ബി) ഭവനരഹിതരായവർ അധികമായി നിവസിക്കുന്ന സ്ഥലങ്ങൾക്കാണോ മുൻഗണന കൊടുക്കുന്നതു്?

(സി) അങ്ങനെയെങ്കിൽ ചോദ്യം 8-ലേക്കു് തെരഞ്ഞെടുത്തിട്ടുള്ള പ്രദേശങ്ങൾ അങ്ങനെയുള്ള മാനദണ്ഡംവച്ചുകൊണ്ടാണോ തിരഞ്ഞെടുത്തിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : (എ) ഭവനരഹിതരായവർ കൂടുതൽ ഉള്ള സ്ഥലം എന്ന അടിസ്ഥാനത്തിലാണു്.

(ബി) അതേ.

(സി) അതും ഒരു മാനദണ്ഡമായി സ്വീകരിക്കുന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ : മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു് കൂടുതൽ വീടില്ലാത്തവർ ഉള്ളതു് കൊച്ചിയിൽ മട്ടാഞ്ചേരി പട്ടണത്തിൽ ആണെന്നറിയാമോ?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള : തേവരയിലും വീടില്ലാത്തതു കൊണ്ടു് വളരെ ആളുകൾക്കു് ബുദ്ധിമുട്ടുണ്ടു്. മട്ടാഞ്ചേരിയിലും അങ്ങിനെയുള്ള ആളുകളുണ്ടെന്നറിയാം.

ശ്രീ. പി. കെ. ഡീവർ : ഫോർഷോർ റോഡിനുവേണ്ടി സ്ഥലമെടുത്തപ്പോൾ വീടില്ലാതായവർക്കുവേണ്ടിയല്ലേ കൊച്ചിയിൽ ഭവനനിർമ്മാണം ആരംഭിച്ചിട്ടുള്ളതു്?

ബഹു. ശ്രീ. ടി. കെ. നാരായണപിള്ള: അതേ.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ : ഭവനനിർമ്മാണം തുടങ്ങിയോ?

ബഹു. ശ്രീ, ടി. കെ. നാരായണപിള്ള : തുടങ്ങി

†Answer to Question No. 32 laid on the table the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly